**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6316** **20-03-2023 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന് പുറത്ത് പഠിക്കുന്ന വിദ്യാർത്ഥികളിൽ കേന്ദ്ര സർക്കാരിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിരുന്നവർക്ക് ആർക്കെങ്കിലും നിലവിൽ സ്കോളർഷിപ്പ് ലഭ്യമാകാതെയുണ്ടോ; അറിയിക്കാമോ; | (എ) | 2022-23 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോട്ടു കൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സ്വയം ഭരണാവകാശവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർവകലാശാല, കോളേജുകൾ പ്രസ്തുത സ്കോളർഷിപ്പിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സ.ഉ. (പി) 50/2009/പജപവവിവ ഗവ. ഉത്തരവ് പ്രകാരം സ്വയംഭരണ സർവ്വകലാശാലകളിലും, കോളേജുകളിലും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദനീയമല്ലായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5/1/2023ലെ സ.ഉ(പി)നം.2/2023/പജപവവിവ ഗവ. ഉത്തരവ് പ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പരിഷ്കരിക്കുകയും, പ്രസ്തുത ഗവ. ഉത്തരവ് പ്രകാരം ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/ സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ, |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിലോ, മെറിറ്റ്/റിസർവേഷൻ പാലിച്ച് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ബംഗ്ലൂരുവിലെ എൻ.ഐ.എം.എച്ച്.എ.എൻ.എസ് (നിംഹാൻസ്) സ്ഥാപനത്തിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ട്. |
| (സി) | ബംഗ്ലൂരുവിലെ എൻ.ഐ.എം.എച്ച്.എ.എൻ.എസ്. (നിംഹാൻസ്) എന്ന സ്ഥാപനം ഈ സ്കോളർഷിപ്പിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സ.ഉ. (പി) 50/2009/പജപവവിവ ഗവ. ഉത്തരവ് പ്രകാരം സ്വയംഭരണ സർവ്വകലാശാലകളിലും, കോളേജുകളിലും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദനീയമല്ലായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5/1/2023ലെ സ.ഉ(പി)നം.2/2023/പജപവവിവ ഗവ. ഉത്തരവ് പ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പരിഷ്കരിക്കുകയും, പ്രസ്തുത ഗവ. ഉത്തരവ് പ്രകാരം ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/ സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിലോ, മെറിറ്റ്/റിസർവേഷൻ പാലിച്ച് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ബംഗ്ലൂരുവിലെ എൻ.ഐ.എം.എച്ച്.എ.എൻ.എസ് (നിംഹാൻസ്) സ്ഥാപനത്തിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ